7676
13/4/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- കേരളത്തിൽ നിന്നുമുള്ള വേളാങ്കണ്ണി തീർത്ഥാടകർ സഞ്ചരിച്ച വാഹനം അപകടത്തിൽപെട്ടതിനെ തുടർന്ന് പരിക്കേറ്റവരുടെ ചികിത്സയ്ക്കായി ആശുപത്രിക്ക് അനുവദിച്ച ചികിത്സാ ചെലവ് കക്ഷികൾക്ക് നേരിട്ട് അനുവദിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(സാധാ) നം. 1227/2018/റവ.** **തിരുവനന്തപുരം . തീയതി- 05.04.2018.**

പരാമർശം- : 1) 18/01/2016-ലെ സ.ഉ.(കൈ) നം.34/16/റവ
2) സ.ഉ.(സാധാ)നം. 5562/ 2017/റവ. തിരുവനന്തപുരം . തീയതി- 23 /12/2017
3) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13/03/2018-ലെ എ 5-E112489/18 നമ്പർ കത്ത്.

ഉത്തരവ്

കേരളത്തിൽ നിന്നുമുള്ള വേളാങ്കണ്ണി തീർത്ഥാടകർ സഞ്ചരിച്ച വാഹനം 08/01/2016 -ന് അപകടത്തിൽപെട്ടതിനെ തുടർന്ന് മരണമടഞ്ഞ അഞ്ച് പേരുടെ കുടുംബങ്ങൾക്ക് 200000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വീതം നൽകുന്നതിനും പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരിക്കേറ്റവർക്ക് ചികിത്സയ്ക്ക് ചെലവായ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് അനുവദിക്കേണ്ട ബിൽ തുകയും കക്ഷികൾക്ക് അനുവദിക്കേണ്ട തുകയും ഉൾപ്പെടെ ആകെ 5,19,989/- രൂപയുടെ ( അഞ്ച് ലക്ഷത്തി പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ മാത്രം) ബില്ലുകൾ പാസ്സാക്കി തുക നൽകുന്നതിന് പരാമർശം രണ്ട് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സ്വകാര്യ ആശുപത്രികൾക്ക് ചെലവായ തുക (അനന്തപുരി ഹോസ്പിറ്റൽ -2,40,360/-രൂപ , ജൂബിലി ഹോസ്പിറ്റൽ 6,653/-രൂപ ) കക്ഷികൾ അടച്ച തീർത്തിട്ടുള്ളതായി സ്വകാര്യ ആശുപത്രി അധികൃതർ അറിയിച്ചിട്ടുള്ളതായും ആയതിനാൽ സ്വകാര്യ ആശുപത്രികൾക്ക് അനുവദിച്ച തുക ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിച്ച് കൊണ്ട് പരാമർശം (2) സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കേരളത്തിൽ നിന്നുമുള്ള വേളാങ്കണ്ണി തീർത്ഥാടകർ സഞ്ചരിച്ച വാഹനം അപകടത്തിൽപെട്ടതിനെ തുടർന്ന് ചികിത്സയുടെ ഇനത്തിൽ അനന്തപുരി ഹോസ്പിറ്റൽ (2,40,360/-രൂപ) , ജൂബിലി ഹോസ്പിറ്റൽ (6,653/-)എന്നീ സ്വകാര്യ ആശുപത്രികൾക്ക് അനുവദിച്ച തുക ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിച്ച് കൊണ്ട് പരാമർശം രണ്ടി ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി സർക്കാർ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ അതേപടി നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബി.എസ്.പാവനകുമാരി

ജില്ലാ കളക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Smitha. A.S.

**സെക്ഷൻ ഓഫീസർ**